**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5641** **08-07-2024 - ൽ മറുപടിയ്ക്ക്**

**വട്ടോളി സ്വദേശിനിയുടെ മരണം സംബന്ധിച്ച അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ബീഹാറിലെ ധനാപൂർ റെയിൽവേ ഡിവിഷനിൽ ജോലിചെയ്യവേ കുറ്റ്യാടി മണ്ഡലത്തിലെ വട്ടോളി സ്വദേശി ലിതാര മരണപ്പെട്ടതിനെ തുടർന്നുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തു വന്നിരുന്ന ബാസ്കറ്റ് ബോൾ താരമായ ലിതാരയുടെ മരണവുമായി ബന്ധപ്പെട്ട് കേരളാ പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ലിതാരയുടെ മൃതദേഹം പോസ്റ്റ് മോർട്ടത്തിനു ശേഷം നാട്ടിലെത്തിച്ച് വീട്ടുവളപ്പിൽ 28.04.2022-ന് സംസ്കരിച്ചിരുന്നു.<br><br>സംഭവത്തിൽ ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No. 185/22 u/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. ലിതാരയുടെ മരണവുമായി ബന്ധപ്പെട്ട് കേരള ബാസ്കറ്റ് ബോൾ പ്രസിഡന്റ് മനോഹര കുമാർ CMO Portal വഴി നൽകിയ പരാതിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരാതി ബീഹാർ പോലീസ് ഡയറക്ടർ ജനറലിന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച മറുപടി ലഭ്യമായിട്ടില്ല. ICJS(Interoperable Criminal Justice System)-ൽ നിന്നും കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണെന്ന് അറിയാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സാമ്പത്തികമായി ഏറെ പ്രയാസത്തിലുള്ള ലിതാരയുടെ കുടുംബത്തിന് സർക്കാർ സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ